# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി</u>**

2910 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>നഗര റോഡ് വികസന പദ്ധതി</u>

2911

ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏത് വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

2912 ശ്രീ. ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' കെ. ശിവദാസൻ നായർ
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചതു കൊണ്ടുണ്ടായ നേട്ടങ്ങൾ

2913 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം തുക കൂടുതൽ ചെലവഴിച്ചാണ് ഈ നേട്ടം കൈവരിക്കാനായതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

2914 ശ്രീ. വര്‍ക്കല കഹാര്‍
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരില്‍ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്നും വിശദാംശങ്ങള്‍ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നഗരങ്ങള്‍, ടൗണ്‍ സെന്ററുകള്‍, പാതയോരങ്ങള്‍ എന്നിവിടങ്ങളില്‍ അമിനിറ്റീസ് സെന്ററുകള്‍ പ്രവര്‍ത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിരക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളില്‍ ഒരുക്കിയിട്ടുള്ളതെന്നും വിശദാംശങ്ങള്‍ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>മാനവൽ പരിഷ്ക്കരണം</u>

2915 ശ്രീ. ലൂഡി ലൂയിസ്
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. മാനവൽ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്ക്കരിച്ച മാനവലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പരിഷ്ക്കരിച്ച മാനവൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ</u>

2916 ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തന രീതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സാങ്കേതികവും അല്ലാത്തതുമായ എത്ര ജീവനക്കാരുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടെ ഇവർ ഏറ്റെടുത്തതും പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ എത്ര പദ്ധതികളുണ്ടെന്ന് വിശദീകരിക്കാമോ;

(ഡി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഏതെല്ലാം യന്ത്ര സാമഗ്രികളും നിർമ്മാണോപകരണങ്ങളും സ്വന്തമായുണ്ട്; ഇവയുടെ പട്ടിക നൽകാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

'സ്പീഡ്' പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

2917 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 'സ്പീഡ്' പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും ആവശ്യമായ എസ്റ്റിമേറ്റ് തുക എത്രയെന്നും ഇവ എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വഴിയോര വിശ്രമ കേന്ദ്രങ്ങൾ</u>

2918 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കോഴിക്കോട് പോലെയുള്ള നഗരങ്ങളിൽ ഇത്തരം വിശ്രമസങ്കേതങ്ങൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഇപ്പോൾ ആരംഭിച്ചിരിക്കുന്ന വിശ്രമസങ്കേതങ്ങൾ ആരംഭിച്ചതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ഇ) ഈ സാമ്പത്തിക വർഷം തന്നെ എല്ലാ ജില്ലകളിലും വഴിയോര വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഒരു നിയോജക മണ്ഡലത്തിന് ഒരു പൊതുമരാമത്ത് ഓഫീസ്

2919 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജക മണ്ഡലത്തിന് ഒരു പൊതുമരാമത്ത് ഓഫീസ് എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തടസമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം</u>

2920 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധന ഫലപ്രദമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പരിശോധനയ്ക്കായി ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വാമനപുരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ</u>

2921 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുതുതായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; പട്ടികയും റോഡുകളുടെ ദൈർഘ്യവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്നും പുതുതായി വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) ഇതിന്റെ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

2922 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് (റോഡ്സ്)ന്റെ (2013-14) വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ പഴയനടക്കാവ് റോഡ് നിർമ്മാണം</u>

2923 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പഴയനടക്കാവ് റോഡിന്റെ പണി മൂന്നുവർഷമായി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുനിർമ്മാണത്തിനു എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(സി) റോഡ് നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ശബരിമലയിലേയ്ക്കുള്ള റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ്

2924 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേയ്ക്കുള്ള ഏതൊക്കെ റോഡുകളാണ് ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ് നടത്തുന്നത്; എന്നാണ് ഇതിനായി തുക അനുവദിച്ചത്; ഓരോ റോഡിനും എത്ര വീതം തുകയാണ് അനുവദിച്ചിട്ടുള്ളത്; ഹെവി മെയിന്റനൻസ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(ബി) ഇതിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(സി) ഹെവി മെയിന്റനൻസ് പദ്ധതിയുടെ ടെൻഡർ വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇത്തരം വ്യവസ്ഥകൾ കേരളത്തിലെ മറ്റ് ഏതൊക്കെ റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എന്നാണ് ശബരിമല ഹെവി മെയിന്റനൻസ് റോഡ് നിർമ്മാണം ടെൻഡർ ചെയ്തത്;

(ഡി) റോഡുകൾ ബി.എം.ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് ടെൻഡറിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഹെവി മെയിന്റനൻസ് പദ്ധതിയിലെ വ്യവസ്ഥകളുമായി എന്താണ് വ്യത്യാസമുള്ളത്;

(ഇ) ഇതേ നിലവാരത്തിലുള്ള ടാറിംഗ് ശബരിമല റോഡുകളിൽ നടത്തുന്നതിനുമാത്രം പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഒരേ നിലവാരത്തിൽ ടാറിംഗ് നടത്തുന്ന പ്രവൃത്തികൾക്കെല്ലാം ഒരേ ടെൻഡർ വ്യവസ്ഥ ഏർപ്പെടുത്തുന്നതിനും ഹെവി മെയിന്റനൻസ് പദ്ധതിയിൽ മാത്രമായി ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കോട്ടയം - കോടിമത പാതയുടെ സ്ഥലമെടുപ്പ് വൈകുന്നത്

2925 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം - കോടിമത പാതയ്ക്ക് സ്ഥലമെടുപ്പ് വൈകുന്നതു സംബന്ധിച്ച് പ്രസ്തുത റോഡിന്റെ പരിധിയിൽപ്പെട്ട സ്ഥലവാസികൾ നൽകിയിരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടത് എന്നു വ്യക്തമാക്കാമോ;

(ബി) റോഡ് വരുന്നു എന്ന കാരണത്താൽ സ്വന്തം പേരിലുള്ള ഭൂമി വില്പന നടത്തുന്നതിനോ സ്ഥിര സ്വഭാവമുള്ള നിർമ്മാണം നടത്തുന്നതിനോ കഴിയാത്ത ഇവിടത്തെ ജനങ്ങളുടെ നിസ്സഹായാവസ്ഥ ബോധ്യമായിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കോട്ടയം-കോടിമത പാതയുടെ നിർമ്മാണം</u>

2926 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം-കോടിമത പാതയുടെ നിർമ്മാണം സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിലുണ്ടായ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) സർക്കാരിന്റെ നവരത്ന പദ്ധതിയിൽ പ്രസ്തുത ഹൈവേയുടെ നിർമ്മാണം ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മൂക്കന്നൂർ ഏഴാറ്റുമുഖം റോഡ് ഉയരം കൂട്ടി നിർമ്മിക്കുന്നതിനുള്ള നടപടി</u>

2927 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-മണ്ണുത്തി നാഷണൽ ഹൈവേയിൽ കോതകുളങ്ങരയ്ക്കടുത്തുള്ള മൂക്കന്നൂർ ഏഴാറ്റുമുഖം റോഡ് ഉയരം കൂട്ടി നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് സെക്രട്ടറി 17.08.2012 ലെ 5656/ഡി3/2012/പൊ.മ.വ. നമ്പർ കത്ത്പ്രകാരം ദേശീയ പാതാവിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പഞ്ചാരമുക്ക് - പെരിങ്ങോട്ടുകര റോഡിന്റെ പുനരുദ്ധാരണ പദ്ധതി</u>

2928 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര മുതൽ ഗുരുവായൂർ മണ്ഡലത്തിലെ പഞ്ചാരമുക്ക് വരെയുള്ള പെരിങ്ങോട്ടുകര- പഞ്ചാരമുക്ക് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി ഇപ്പോഴും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ മുല്ലശ്ശേരി മുതൽ പെരിങ്ങോട്ടുകര വരെയുള്ള റോഡിന്റെ ശേഷിക്കുന്ന ജോലികൾ എപ്പോൾ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി തുടരാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വെട്ടുകടവ് കല്ലുത്തി റോഡിന്റെ നിർമ്മാണത്തിന് അനുമതി</u>

2929 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയേയും മേലൂർ ഗ്രാമപഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചാലക്കുടി പുഴയ്ക്കു കുറുകെ നിർമ്മിച്ച വെട്ടുകടവ് പാലം ഉദ്ഘാടനം നിർവ്വഹിച്ചു മാസങ്ങൾ പിന്നിട്ടിട്ടും ഇതിന്റെ പ്രധാന അപ്രോച്ച് റോഡായ വെട്ടുകടവ് കല്ലുത്തി റോഡിന്റെ നിർമ്മാണത്തിന് അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം അനുമതി നൽകി ഉടൻ നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കോഴിക്കോട് - ബാലുശ്ശേരി റോഡ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി

2930 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് - ബാലുശ്ശേരി റോഡ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിലെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കൊടകര - വെള്ളികുളങ്ങര റോഡ് ബി. എം. ബി. സി.
ചെയ്യുവാൻ നടപടി</u>

2931 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ കൊടകര - വെള്ളികുളങ്ങര റോഡ് പൂർണ്ണമായും ബി. എം. ബി. സി. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആമ്പല്ലൂര്‍ - പാലപ്പിള്ളി റോഡ് ബി.എം.ബി.സി ചെയ്യുന്നതിനുള്ള നടപടി

2932 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആമ്പല്ലൂര്‍ - പാലപ്പിള്ളി റോഡ് ബി.എം.ബി.സി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കില്‍ നിര്‍മ്മാണം എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

"വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം" റോഡിൽ മെക്കാഡം ടാറിംഗ് നടത്തുന്നതിനുള്ള നടപടി

2933 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

"കണ്ണൂർ ജില്ലയിലെ മേജർ ഡിസ്ട്രിക്ട് റോഡായ വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം" റോഡിൽ ചെറുപുഴ വരെയുള്ള ആദ്യഭാഗം മെക്കാഡം ടാറിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

എസ്.ആര്‍.ഐ.പി. പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തില്‍ തെരഞ്ഞെടുത്തിട്ടുള്ള റോഡുകള്‍

2934

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എസ്.ആര്‍.ഐ.പി. പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തില്‍ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ ഓരോന്നിന്റെയും വിശദാംശങ്ങളും തുകയുടെ വിവരങ്ങളും നല്‍കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

2935

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും പേരും, തുകയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) എസ്.ആർ.ഐ.പി. പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; ഏതെല്ലാം മേജർ റോഡുകളാണ് എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ദേശിയപാതാ വികസനം</u>

2936 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാവികസനത്തിൽ നിന്നും ദേശീയപാതാവികസന അതോറിറ്റി പിൻമാറിയ സാഹചര്യം മറികടക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന് വേണ്ട തുക എങ്ങനെ കണ്ടെത്തും എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുത്തതും ഇതേ വരെ ഉപയോഗപ്പെടുത്താത്തതുമായ ഭൂമിയുടെ വിവരങ്ങൾ</u>

2937 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ
,, പി. കെ. ബഷീർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗപ്പെടുത്താത്തതുമൂലം, അതിന്റെ പല ഭാഗങ്ങളും കൈയ്യേറി കച്ചവട സ്ഥാപനങ്ങൾ, പാർട്ടി ഓഫീസുകൾ, ആരാധനാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് കൈവശപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസനാവശ്യത്തിന് അക്വയർ ചെയ്തതും ഇതേവരെ ഉപയോഗപ്പെടുത്താത്തതും, ആയ എത്ര ഭൂമി, ഓരോ നാഷണൽ ഹൈവേയോടുചേർന്നും ലഭ്യമാണെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;

(സി) എൻ.എച്ച് -കൾ നവീകരിച്ച് വികസിപ്പിക്കുമ്പോൾ, ഉപേക്ഷിക്കപ്പെടുന്ന പഴയറോഡിന്റെ ഭാഗങ്ങൾ ഏതു തരത്തിലാണ് വിനിയോഗിക്കാറുള്ളത് എന്നതു സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം</u>

2938 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാതയുടെ വികസനം ഏതുഘട്ടം വരെയായി; ഇതിനായി ഇനി ഏതൊക്കെ പഞ്ചായത്തിൽ എത്ര ഭൂമി ഏറ്റെടുക്കാനുണ്ടെന്നുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഏതു സ്ഥലങ്ങളിലൊക്കെ പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം ആരംഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ഇനിയും പണി ആരംഭിക്കാനുള്ള പഞ്ചായത്തുകളിൽ എന്ന് പണി ആരംഭിക്കുമെന്ന് വിശദീകരിക്കാമോ;

(ഡി) പണി പൂർത്തിയാക്കാൻ എന്തു കാലതാമസം എടുക്കും; പദ്ധതിക്കായി അനുവദിച്ച ഫണ്ട് എത്രയാണ്;

(ഇ) നിർമ്മാണം പൂർണ്ണമായും ആരംഭിച്ചിട്ടില്ലാത്ത റീച്ചുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അടിയന്തിരമായി ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതി</u>

2939 ശ്രീ. വി.ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണവും പുനഃരുദ്ധാരണവുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>എം.സി. റോഡിന്റെ ഉപരിതല നവീകരണം</u>

2940

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രകാരം എം.സി. റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ട് എത്രകാലമായെന്ന് വ്യക്തമാക്കുമോ;

(ബി) ഉപരിതല നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(സി) എം.സി. റോഡിൽ കൊട്ടാരക്കര, ആയൂർ ജംഗ്ഷനുകളിൽ റോഡ് സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കാസർകോട് - കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം</u>

2941 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് - കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>പട്ടിത്താനം, രത്നഗിരി പബ്ലിക് ലൈബ്രറി കെട്ടിടം</u>

2942 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കെ.എസ്.റ്റി.പി യുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ പട്ടിത്താനം രത്നഗിരി പബ്ലിക് ലൈബ്രറിയുടെ കെട്ടിടം പൊളിച്ചതിന്റെ നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) കെട്ടിടം പൊളിച്ചുമാറ്റലുമായി ബന്ധപ്പെട്ട് എംപവേർഡ് കമ്മിറ്റി നൽകിയ ശുപാർശ എന്തെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി) കോട്ടയം കളക്ടറേറ്റിൽ നിന്നും തിരുവനന്തപുരത്തേക്ക് 4-3-2014-ൽ അയച്ച ജി1-48508/2004 ഫയലിന്റെ തുടർനടപടി വ്യക്തമാക്കാമോ; ഇതിന്റെ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഫയൽ നമ്പർ നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>താനൂർ ദേവധാറിലെ അണ്ടർ പാസ്സേജ് നിർമ്മാണം</u>

T2943 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ദേവധാറിൽ റെയിൽ പാതയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന അണ്ടർ പാസ്സേജിന്റെ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രവൃത്തി എന്ന് ആരംഭിക്കാനാകും; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ബീമാപള്ളിയിലേക്ക് കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിൽ നിന്ന് പാലം</u>

2944 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ബീമാപള്ളിയിലേക്ക് കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിൽ നിന്ന് ഒരു പാലം നിർമ്മിക്കുമെന്ന തീരുമാനം നടപ്പാക്കുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിനായി സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പാലം പണി പൂർത്തിയാക്കി ബീമാപള്ളി നിവാസികൾക്കും തീർത്ഥാടകർക്കും യാത്രാസൗകര്യം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

**<u>വെഞ്ഞാറമൂട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് റോഡ്</u>**

2945 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വെഞ്ഞാറമൂടിലെ ഗതാഗതക്കുരുക്ക് കാരണമുള്ള ദുരവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം-കോട്ടപ്പടി ബൈപാസ് നിർമ്മാണവും കോട്ടപ്പടി തിരൂർ റോഡ് നവീകരണവും</u>

2946 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ മലപ്പുറം-കോട്ടപ്പടി ബൈപാസ് നിർമ്മാണവും കോട്ടപ്പടി തിരൂർ റോഡ് നവീകരണവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2947 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിയും നിർമ്മാണ പ്രവർത്തനത്തിന്റെ ഏത് ഘട്ടത്തിലാണെന്നും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തിരിച്ച് വിശദമാക്കാമോ;

(ബി) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം</u>

2948 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പെരപ്പയം പാലം നിർമ്മാണത്തിനുള്ള തുക നബാർഡ് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി</u>

2949 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലത്തെ പെരപ്പയം പാലം നിർമ്മാണത്തിനുള്ള തുക നബാർഡ് പിൻവലിച്ച സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷത്തെ നബാർഡ് ഫണ്ടിൽ പ്രസ്തുത പാലം നിർമ്മാണത്തിനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പള്ളിക്കമണ്ണടി പാലം നിർമ്മാണം</u>

2950 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികളുടെയും പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടിയിന്മേൽ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

**ശബരിമല പൂവത്തുംമൂട്ടിൽ നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡ്**

2951 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് തിരുവാഭരണം കൊണ്ടുപോകുന്ന പാതയിലെ പൂവത്തുംമൂട്ടിൽ എന്നാണ് പാലം നിർമ്മിച്ചത്;

(ബി) അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പാലം ഔദ്യോഗികമായി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രോച്ചു റോഡ് നിർമ്മാണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ്; അടിയന്തരമായി പ്രസ്തുത റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകാനും, പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഭരണാനുമതി</u>

2952 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനുവേണ്ടി സ്വകാര്യ ഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇപ്പോൾ പാലം നിർമ്മാണത്തിനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ നടപടികളാരംഭിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടത്തിയ അവലോകനയോഗത്തിൽ ഉറപ്പ് നൽകിയിരുന്നതായി അറിയുമോ;

(ജി) എങ്കിൽ ആയതിലേക്ക് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കാലടി ശ്രീശങ്കര സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ</u>

2953 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കര സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതിന്റെ അലൈൻമെന്റ് സ്കെച്ചിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അലൈൻമെന്റ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ കോതായിതോട് പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി</u>

2954 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ സ്ഥിതി ചെയ്യുന്ന കോതായിതോട് പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അനുവദിച്ച 375 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; ഈ പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാലത്തിന്റെ വീതി കൂട്ടിയുള്ള നിർമ്മാണത്തിനാവശ്യമായ ഭൂമി എത്രയെന്നും ഈ ഭൂമിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>അഴീക്കോട് - മുനമ്പം പാലം നിർമ്മാണം</u>

2955 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനത്തിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഏത് ഏജൻസിയാണ് പാരിസ്ഥിതികാഘാത പഠനം നടത്തുന്നത്;

(സി) തൃശ്ശൂർ - എറണാകുളം മേഖലയിൽ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എൽ.എ. തഹസീൽദാർമാരെ നിയമിച്ചിട്ടുണ്ടോ;

(ഇ) പാരിസ്ഥിതാഘാതപഠനം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഒളവര-ഉടുംമ്പംന്തല ആയിറ്റി- പി.ഡബ്ല്യു.ഡി റോഡിൽ പാലം പുനർനിർമ്മിക്കാൻ നടപടി

2956 ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഒളവര-ഉടുംമ്പുംന്തല ആയിറ്റി - പി.ഡബ്ല്യു.ഡി റോഡിൽ ഉടുംമ്പുംന്തലക്ക് സമീപം തകർന്ന പാലം പുനർ നിർമ്മിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പാലത്തിലെ ടോൾ പിരിവ്</u>

2957 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പാലം ഏത് തീയതിയിലാണ് ഉത്ഘാടനം ചെയ്തതെന്നും പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ പാലത്തിലെ ടോൾ പിരിവ് ആരംഭിച്ചത് ഏത് തീയതിയിലാണെന്നും ടോൾ ഇനത്തിൽ ആകെ പിരിച്ചത് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ; ഇനി എത്ര കാലം കൂടി ടോൾ പിരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കോരാപ്പുഴ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികള്‍</u>

2958 ശ്രീ. എ.കെ.ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരാപ്പുഴ പാലം പുതുക്കിപ്പണിയുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കോരാപ്പുഴ പാലത്തിന്റെ കാലപ്പഴക്കവും ജനങ്ങളുടെ ആവശ്യവും പരിഗണിച്ച് യുദ്ധകാലാടിസ്ഥാനത്തില്‍ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പാലം നിർമ്മാണപ്രവൃത്തികൾ</u>

2959 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പുതിയ പാലങ്ങൾക്കാണ് നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമായിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിലവിലുളള സ്ഥിതി എന്താണെന്നും നിർമ്മാണം ഏതുഘട്ടം വരെയായി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പാലങ്ങളുടെ സാങ്കേതികാനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

പോത്തൻകോട് കേന്ദ്രമായി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി

2960 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പോത്തൻകോട് കേന്ദ്രമായി ഒരു സിവിൽ സ്റ്റേഷൻ നിർമ്മിക്കും എന്ന ബജറ്റ് പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ സ്റ്റേഷന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ഇ) സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് അടിയന്തിരമായി ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>റാന്നി താലൂക്ക് ആശുപത്രിയ്ക്ക് പുതിയ ഒ.പി.ബ്ലോക്ക്</u>

2961

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിയുടെ പുതിയ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി; ഇതിനായി അനുവദിച്ച തുക എത്രയാണ്; നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയായില്ലെങ്കിൽ നിർമ്മാണം പൂർത്തിയാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) പുതിയ ഒ.പി.ബ്ലോക്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ മോർച്ചറി കെട്ടിടം പണിയാൻ പ്രൊപ്പോസൽ നൽകിയത് എന്നാണ്; ഇതിന്റെ ഭരണാനുമതി നൽകിയത് എന്നാണ്; പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തോ; ആരാണ് പ്രസ്തുത ടെൻഡർ ഏറ്റെടുത്തത്; പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ</u>

2962 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് പഞ്ചായത്തിന്റെ പേര്, എസ്റ്റിമേറ്റ് തുക എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമക്കാമോ;

(ബി) 2014-15 വർഷത്തിൽ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് എൻ.ജി.ഒ ഫ്ളാറ്റ് നിർമ്മാണം</u>

2963 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ചെമ്മട്ടം വയൽ എൻ.ജി.ഒ ക്വാർട്ടേഴ്സിന്റെ താമസയോഗ്യമല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ടോ; ഉണ്ടെങ്കിൽ ഒടുവിൽ അറ്റകുറ്റപ്പണികൾ നടത്തിയത് എന്നാണെന്നും, ഇതിന് എത്ര രൂപ ചെലവഴിച്ചു എന്നും അറിയിക്കാമോ;

(സി) കാഞ്ഞങ്ങാട് എൻ.ജി.ഒ ഫ്ളാറ്റ് നിർമ്മാണം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>2014-2015 വര്‍ഷത്തില്‍ കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികള്‍</u>

2964 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2014-15 വര്‍ഷത്തില്‍ നോണ്‍-പ്ലാന്‍, പ്ലാന്‍ ഫണ്ടിലുള്‍പ്പെടുത്തി എത്ര വര്‍ക്കുകള്‍ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങള്‍ നല്‍കാമോ;

(ബി) അനുവദിച്ചിട്ടില്ലെങ്കില്‍ പി. ഡബ്ല്യു. ഡി. നല്‍കിയിട്ടുള്ള പ്രൊപ്പോസലുകളില്‍ ഈ വര്‍ഷം തന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടകർക്കായി പിൽഗ്രിം സെന്റർ നിർമ്മാണം

2965 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി റാന്നി ഇട്ടിയപ്പാറയിൽ ശബരിമല പിൽഗ്രിം സെന്റർ നിർമ്മിക്കുന്നതിനായി എത്ര കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളതെന്നും ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്നും വിശദാംശം സഹിതം വ്യക്തമാക്കുമോ; ഇപ്പോൾ ഇതിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിലും, ഇപ്പോൾ വകുപ്പിന്റേതായി പുറത്തിറക്കിയ 3 വർഷത്തെ ഭരണനേട്ടത്തിലും ഉൾപ്പെടുത്തിയിട്ടുള്ള ശബരിമല തീർത്ഥാടകർക്കായുള്ള ഈ പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പയ്യന്നൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം</u>

2966 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് ബന്ധപ്പെട്ട വകുപ്പിന് എപ്പോൾ കൈമാറാൻ കഴിയുമെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>തിരൂർക്കാട് - മഞ്ചേരി വേരുംപിലാക്കലിൽ അപകട മുന്നറിയിപ്പ് സംവിധാനം</u>

2967 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർക്കാട് - മഞ്ചേരി റൂട്ടിലെ പ്രധാന അപകട മേഖലയായ വേരുംപിലാക്കലിൽ അപകട മുന്നറിയിപ്പുകളും, സംരക്ഷണ ഭിത്തിയും സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ദിനേന അപകടം സംഭവിക്കുന്ന വേരുംപിലാക്കലിൽ അപകട സൂചനാ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക</u>

2968 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14-ൽ പൊതുമരാമത്ത് പണികൾ നടത്തിയ കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; ഇത് എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ പേരുവിവരം</u>

2969 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽ പൊതു മരാമത്ത് വകുപ്പ് പണി തുടങ്ങിവെച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ പേരു വിവരം താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മരാമത്തു പണികൾക്കുള്ള സാങ്കേതിക അനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടും നാളിതുവരെ പണി തുടങ്ങാത്ത പ്രവൃത്തികളുടെ കൊല്ലം ജില്ലയിലെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അംഗീകൃത കോൺട്രാക്ടർമാർക്ക് സമയബന്ധിതമായി ബില്ലുകൾ മാറുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) മരാമത്തു പണികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടും ബില്ലു മാറിക്കിട്ടാത്തതിന്റെ പേരിൽ കോൺട്രാക്ടർമാർ ആത്മഹത്യ നടത്തിയതായി അറിവ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി**

2970 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 27.10.2012 ലെ ജി.ഒ.(ആർ.ടി) നം.1814/2012/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിനെതിരെ സർക്കാരിന് സമർപ്പിക്കപ്പെട്ടിരുന്ന നിവേദനങ്ങൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ട്;

(ബി) പുനർവിന്യാസത്തിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ എന്തൊക്കെയാണ് തടസ്സങ്ങൾ എന്നറിയിക്കാമോ;

(സി) പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ സമയബന്ധിതമായി വിടുതൽ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പുനർവിന്യാസം സംബന്ധിച്ച് കേസ്സുകളൊന്നും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ്സുകൾ തീർപ്പായ സാഹചര്യത്തിൽ പുനർവിന്യാസം നടക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 10.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.